പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **149** | **13/6/2014** ൽ മറുപടിയ്ക്ക്

## റബ്ബർ സംഭരണം - ഫണ്ടിന്റെ അപര്യാപ്തത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം.എ. ബേബി<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, കെ.കെ. ജയചന്ദ്രൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതി പ്രകാരം റബ്ബർ സംഭരണത്തിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | (എ) | റബ്ബർ സംഭരണത്തിനുള്ള കൈകാര്യ ച്ചെലവിനായി കൃഷി വകുപ്പ് 4 കോടി രൂപയും സഹകരണ വകുപ്പ് 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. റബ്ബർ സംഭരണത്തിനായി 50 കോടി രൂപയുടെ ഫണ്ട് കണ്ടെത്തുന്നതിലേക്കായി 10 ജില്ലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കുകയുണ്ടായി. 1 കോടി രൂപ ഇപ്രകാരം സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ചിട്ടുണ്ട്. എന്നാൽ കൺസോർഷ്യം ഫണ്ടിൽ തുക നിക്ഷേപിക്കുന്നത് ബഹു.ഹൈക്കോടതിയുടെ WP(C)12758/14 പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (ബി) | സംസ്ഥാനത്തെ റബ്ബർ സംഭരണത്തിന് ഫണ്ടിന്റെ അപര്യാപ്തത തടസ്സം നിൽക്കുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് കൺസോർഷ്യം ഫണ്ട് രൂപീകരിച്ചുവെങ്കിലും 1 കോടി രൂപ മാത്രമേ ഫണ്ടിൽ ലഭ്യമായിട്ടുള്ളൂ. ബഹു.ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. |

| | |
|---|---|
| (സി) റബ്ബർ സംഭരണം ഊർജ്ജിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (സി) സംസ്ഥാന സർക്കാർ ജില്ലാ സഹകരണ ബാങ്കുകളുടെ വായ്പ തുകയ്ക്ക് ഗ്യാരണ്ടി നിൽക്കുന്നതിന് തീരുമാനിക്കുകയും 2014 മേയ് 24 നകം കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകൾ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിനും ഫണ്ട് അനുവദിച്ചു നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി 31/5/2014-നകം തുക ബാങ്ക് ലഭ്യമാക്കുന്നതിനും, പ്രാരംഭ ഘട്ടത്തിൽ ഓരോ സംഭരണ ഏജൻസിയും കുറഞ്ഞത് പ്രതിമാസം 1000 ടൺ സംഭരിക്കുന്നതിനും ഇതിലേയ്ക്കായി ആവശ്യമായ തുക സംസ്ഥാന സഹകരണ ബാങ്ക് ഏജൻസികൾക്ക് ലഭ്യമാക്കുന്നതിനും സംഭരിച്ച റബ്ബർ വിപണനം നടത്തുമ്പോൾ ഏജൻസികൾക്ക് നഷ്ടം വന്നാൽ പലിശ സർക്കാർ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ